ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) ലഭിച്ചിട്ടുണ്ട്.

(ബി,സി) പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. മറ്റു നടപടികൾ കഴിയുന്നതും വേഗം എടുക്കുന്നതാണ്.

ജൂനിയർ ടെക്നിക്കൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ മെസ്സോറാണ്ടം

✻ 105 [28] ശ്രീ. പി. കെ. അബ്ദുൽകാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൂനിയർ ടെക്നിക്കൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ചില ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള മെസ്സോറാണ്ടം ഗവണ്മെൻറിന് നൽകിയിട്ടുണ്ടോ ;

(ബി) അതിലെ ആവശ്യങ്ങൾ സംബന്ധിച്ച് ഗവണ്മെൻറ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ട്.

(ബി) മെസ്സോറാണ്ടത്തിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളും അവയിന്മേൽ എടുത്ത നടപടികളും കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്. †

പുതിയ ടെയിനിംഗ് സ്കൂളുകൾ.

✻ 106. [30] ശ്രീ. കെ. കൃഷ്ണപിള്ള; താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്തവർഷം പുതിയ ടെയിനിംഗ് സ്കൂളുകൾക്ക് അനുവാദം കൊടുക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) പത്തനാപുരം താലൂക്കിൽ ഒരു ടെയിനിംഗ് സ്കൂൾ അനുവദിക്കുവാൻ ദയവുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) അനുവദിക്കണമോ എന്ന് ആലോചിച്ചുവരുന്നു.

(ബി) പുതിയ സ്കൂളുകൾ വേണമെന്ന് തീരുമാനിക്കുകയും അപേക്ഷകൾ ലഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ പരിഗണിക്കുന്നതാണ്.

ജൂനിയർ ടെക്നിക്കൽ സ്കൂളുകളിലെ സ്ട്രൈക്ക്.

✻ 107. [41] ശ്രീ. എം.വി. വാസു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കേരളത്തിൽ ഏതെല്ലാം ജൂനിയർ ടെക്നിക്കൽ സ്കൂളുകളിൽ ഇടയിടെ സ്ട്രൈക്ക് നടത്തുകയുണ്ടായി ;

(ബി) ഈ സമരത്തിൽ വിദ്യാർത്ഥികൾ ഉന്നയിച്ച പ്രധാന ആവശ്യം എന്തായിരുന്നു ;

(സി) മട്ടന്നൂർ ജൂനിയർ ടെക്നിക്കൽ സ്കൂളിലെ വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളുടെ അസോസിയേഷൻ വിദ്യാഭ്യാസമന്ത്രിക്ക് ഇതു സംബന്ധിച്ച് വല്ല നിവേദനവും നടത്തിയിരുന്നുവോ ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു ;

(ഈ) പൊതുവിൽ വിദ്യാർത്ഥികളുടെ ആവശ്യം അനുവദിക്കുന്നതിന് ഗവണ്മെൻറ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

† Appendix V

LIBRARY ARCHIVES Kerala Legislative Assembly